## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ – 6153      20/11/2019 -ൽ മറുപടിയ്ക്ക്

## ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ടി.എ.അഹമ്മദ് കബീർ : | | ശ്രീ. എ.കെ. ബാലൻ<br>പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും, നിയമവും സാംസ്കാരികവും, പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി |
| (എ) 2019-20 സാമ്പത്തിക വർഷത്തെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സ്കൂൾ തലങ്ങളിൽ തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ യൂത്ത് പാർലമെന്റ് മത്സരം, പാർലമെന്ററി ലിറ്ററസി ക്ലബ്ബ്, ഹ്യൂമൻ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബ്, സ്കൂൾ സെമിനാറുകൾ എന്നിവയും കോളേജ് തലത്തിൽ മോഡൽ പാർലമെന്റ്, സെമിനാറുകൾ എന്നിവയും സംഘടിപ്പിക്കുന്നു. കൂടാതെ സ്കൂൾ/കോളേജ് തലത്തിൽ പ്രശ്നോത്തരി/ഉപന്യാസം/പ്രസംഗ മത്സരങ്ങളും സംഘടിപ്പിക്കുന്നു. ബഡ്ജറ്റ് ഡിസ്കഷൻ, പ്രധാനപ്പെട്ട ദേശീയ ദിനങ്ങളുടെ അനുസ്മരണം എന്നിവയും സംഘടിപ്പിച്ചു വരുന്നു. |
| (ബി) പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിലൂടെ കൈവരിച്ചിട്ടുള്ള നേട്ടങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | (ബി) | പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിലൂടെ സംസ്ഥാനത്തെ സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്കിടയിൽ പാർലമെന്ററി കാര്യ വിഷയങ്ങളിൽ അവബോധം വർദ്ധിപ്പിക്കാനും ഭരണഘടന, ജനാധിപത്യ മൂല്യങ്ങൾ, മനുഷ്യാവകാശം എന്നിവയിൽ അടിസ്ഥാനപരമായ ധാരണകൾ സൃഷ്ടിക്കുന്നതിനും പൗരബോധവും മൂല്യബോധവുമുള്ള പൗരന്മാരാക്കുന്നതിനും വഴിയൊരുക്കുന്നു. |

സെക്ഷൻ ഓഫീസർ